# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1352 03.12.2018-ൽ മറുപടിക്ക്**

**ഹയർസെക്കന്ററി പ്രിൻസിപ്പൽ പ്രമോഷനിലുണ്ടായിരിക്കുന്ന അവ്യക്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | എക്കണോമിക്സ് പോലുള്ള ചില വിഷയങ്ങളിൽ എച്ച്. എസ്സ്.എസ്സ്.ടി. ജൂനിയർ രണ്ടോ മൂന്നോ വർഷംകൊണ്ട് സീനിയറായി പ്രൊമോഷനാകുമ്പോൾ ബോട്ടണി, സുവോളജി തുടങ്ങിയ വിഷയങ്ങൾക്ക് പഠിപ്പിക്കുന്നവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് 10 ഉം 12 ഉം വർഷം എടുക്കുന്നതുമൂലം പ്രിൻസിപ്പൽ പ്രമോഷൻ ലഭിക്കാതെ വരുന്ന സ്ഥിതി വിശേഷം ഗൗരവമായി പരിശോധിക്കുമോ; | (എ) | എക്കണോമിക്സ് പോലുള്ള ആഴ്ചയിൽ 8 പിരീഡ് ഉള്ള വിഷയങ്ങളിൽ എച്ച്.എസ്.എസ്.റ്റി സീനിയർ തസ്തിക കൂടുതലുള്ളതിനാൽ, എച്ച്.എസ്.എസ്.റ്റി സീനിയർ ആയി രണ്ടു മൂന്നു വർഷം കൊണ്ട് പ്രമോഷൻ ലഭിക്കുന്നു. എന്നാൽ ആഴ്ചയിൽ 4 പിരീഡ് മാത്രമുള്ള ബോട്ടണി, സുവോളജി, വിഷയങ്ങളിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ പോസ്റ്റിനെ അപേക്ഷിച്ച് എച്ച്.എസ്.എസ്.റ്റി സീനിയർ തസ്തിക വളരെ കുറവാണ്. ആയതിനാലാണ് പ്രമോഷന് കാലതാമസം ഉണ്ടാകുന്നത്. |
| (ബി) | 2016 ലെ ശമ്പള പരിഷ്കരണത്തിൽ 5 വർഷം പൂർത്തിയാകുന്ന എച്ച് എസ്സ്.എസ്സ്.ടി . ജൂനിയർ അധ്യാപകരെ സീനിയർ ആക്കി പ്രൊമോഷൻ നൽകണമെന്ന ശിപാർശ പ്രകാരം എത്ര പേർക്ക് പ്രൊമോഷൻ നൽകി എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | 2016-ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ ഇത്തരമൊരു ശിപാർശ ഉൾക്കൊള്ളിച്ചിട്ടില്ല. |
| (സി) | എച്ച് .എസ്സ് .എ. യിൽ നിന്നും എച്ച്. എസ്സ്.എസ്സ്.ടി . യിലേക്ക് ബൈ ട്രാൻസ്ഫർ പ്രൊമോഷൻ നൽകുന്നവർക്ക് സാലറി ഫിക്സേഷൻ നടത്തുവാൻ ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എച്ച്.എസ്.എ. മാർക്ക് ഗ്രേഡ് നൽകുന്നകാര്യം പരിഗണിക്കുമോ; ഇതു സംബന്ധിച്ചുള്ള നയം വ്യക്തമാക്കാമോ; | (സി) | എച്ച്.എസ്.എ തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.റ്റി തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ നിയമനം ലഭിക്കുന്നവർക്ക് 2016-ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ 41, 42, 43 ഖണ്ഡികകൾ പ്രകാരമുള്ള സാലറി ഫിക്സേഷൻ അനുവദനീയമാണ്. |

(മറുപുറം...)

| | | | |
|---|---|---|---|
| (ഡി) | പൊതു സ്ഥലമാറ്റ ഉത്തരവ് ഇറങ്ങിയിട്ടും പലസ്കൂളുകളിലും ഒഴിവുകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | പൊതുസ്ഥലം മാറ്റത്തെ തുടർന്ന് ചില സ്കൂളുകളിൽ സ്ഥിരം അധ്യാപകരില്ലെങ്കിലും ഒഴിവുകൾ താൽക്കാലികാടിസ്ഥാനത്തിൽ നികത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**